പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4162 24/6/2019 ൽ മറുപടിക്ക്

## നാടൻ കോഴികളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

ചോദ്യം | മറുപടി

ശ്രീ.അബ്ദുൽ ഹമീദ് പി:

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | ഹോർമോൺ കുത്തിവച്ച് വളർത്തുന്ന ബ്രോയിലർ കോഴികൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | എ) | ഇല്ല. ഹോർമോൺ കുത്തിവച്ച് ബ്രോയിലർ കോഴികളെ വളർത്തുന്ന രീതി നിലവിലില്ല. |
| ബി) | നല്ലയിനം നാടൻ കോഴികളുടെ ഉൽപ്പാദനം കർഷകർക്കിടയിൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ബി) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ നാടൻ കോഴികളെ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു.<br><br>തലശ്ശേരി, കടക്കനാത്ത്, നേക്കഡ്നെക്ക്, അസീൽ എന്നീ ഇനങ്ങളിലുള്ള നാടൻ കോഴികളെ വകുപ്പിന്റെ ഫാമുകളിൽ വളർത്തുന്നുണ്ട്. |
| സി) | ഗ്രാമപ്രിയ, ഗ്രാമലക്ഷ്മി ഇനങ്ങളിൽപ്പെട്ട കോഴികളെ മൃഗസംരക്ഷണ വകുപ്പിന്റെ ഏതെല്ലാം ഫാമുകൾ വഴി വിതരണം ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | സി) | ഗ്രാമപ്രിയ, ഗ്രാമലക്ഷ്മി ഇനത്തിൽപ്പെട്ട കോഴികളെ മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ വളർത്തുന്നില്ല.<br><br>ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴികളെയാണ് മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിൽ പ്രധാനമായും വളർത്തുന്നത്.<br><br>കൂടാതെ നാടൻ കോഴികൾ, വൈറ്റ് സിൽക്കി, ബ്ലാക്ക് പോളീഷ്-കാപ്, വൈറ്റ് പോളീഷ്-കാപ്, അതുല്യ, ആർ.ഐ,ആർ.ബി.വി 380, കാവേരി, സെബ് റൈറ്റ് പോളീഷ്-കാപ്, കൊച്ചിൻ ബാന്റം, ഇറ്റാലിയൻ ബാന്റം, ഇൻബ്രോ എന്നീ ഇനം കോഴികളെയും മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിൽ വളർത്തി കർഷകർക്ക് വിതരണം ചെയ്തുവരുന്നു.<br><br>ഗ്രാമശ്രീ കോഴികൾ തവിട്ട് , കറുപ്പ്, വെളുപ്പ് നിറങ്ങളിലുള്ളതും അതിന്റെ മുട്ട നാടൻ കോഴിയുടെ മുട്ടയോട് സാദൃശ്യമുള്ളതും തവിട്ടുനിറമുള്ള |

| | | | |
|---|---|---|---|
| | | | തോടോട്ടുകൂടിയതും മഞ്ഞക്കരു കടും മഞ്ഞ നിറത്തിലുള്ളതുമായതിനാൽ കേരളത്തിലെ കർഷകർ പ്രാധാന്യം നൽകുന്നത് ഗ്രാമശ്രീയ്ക്ക് ആയതിനാലാണ് അവയെ വകുപ്പിന്റെ ഫാമുകളിൽ പ്രധാനമായും വളർത്തുന്നത്. അതിനും പുറമെ ഡ്യുവൽ പർപ്പസ് ബ്രീഡായതിനാൽ ഇറച്ചിക്കും ഉത്തമമാണ്. തീറ്റ പരിവർത്തന ക്ഷമത കൂടുതലായതിനാൽ കുറച്ചുതീറ്റ നൽകിയാൽ മതിയാകും. വീട്ടുവളപ്പിലെ കോഴിവളർത്തലിന് ഏറ്റവും അനുയോജ്യം ഗ്രാമശ്രീ കോഴികളാണ്.<br><br>ഗ്രാമലക്ഷ്മി കോഴികൾ വെളുപ്പിൽ കറുത്തപുള്ളികൾ ഉള്ളവയും അതിന്റെ മുട്ട ഇളം തവിട്ടുനിറമുള്ള തോടോട്ടുകൂടിയതും മഞ്ഞക്കരു ഇളം മഞ്ഞ നിറത്തിലുള്ളതുമായതിനാൽ കർഷകരുടെ സ്വീകാര്യത കുറവാണെന്ന ബോധ്യപ്പെട്ടതിനാലാണ് ഗ്രാമലക്ഷ്മി കോഴികളെ വകുപ്പിന്റെ ഫാമുകളിൽ വളർത്താത്തത്.<br><br>ഗ്രാമപ്രിയ കോഴികൾ താരതമ്യേന വലിപ്പം കൂടുതലുള്ളതും തവിട്ടുനിറത്തിലുള്ളതുമാണ്.<br><br>തീറ്റ പരിവർത്തന ക്ഷമത കുറവായതിനാൽ കൂടുതൽ തീറ്റ നൽകേണ്ടിവരും. ആയതിനാലാണ് ഗ്രാമപ്രിയ കോഴികളെ വകുപ്പിന്റെ ഫാമുകളിൽ വളർത്താത്തത്. |
| ഡി) | കൂടുതൽ ഇടങ്ങളിൽ ഇത്തരം കോഴികളുടെ വിൽപ്പന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | ഡി) | ഇത്തരം കോഴികളുടെ ആവശ്യകത ലഭിക്കുകയാണെങ്കിൽ അവയെ വളർത്തി വില്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ